"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം - എക്സൈസ് വകുപ്പിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ആയി ജോലി നോക്കിവരവേ മരണപ്പെട്ട എൻ.വിശ്വനാഥന്റെ മകൻ ശ്രീ.അരുൺ.വി-ക്ക് സമാശ്വാസതൊഴിൽദാന പദ്ധതിപ്രകാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.36/2025/TAXES തീയതി,തിരുവനന്തപുരം, 05-04-2025

പരാമർശം:-

1. 24.05.1999-ലെ സ.ഉ.(പി) നം.12/99/പി&എ.ആർ.ഡി
2. ശ്രീ.അരുൺ.വി 02.02.2022-ൽ സമർപ്പിച്ച അപേക്ഷ.
3. എക്സൈസ് കമ്മീഷണറുടെ 01.03.2022-ലെ ഇ.എക്സ്.സി/212/2017-എക്സ്.എം7 നമ്പർ കത്ത്.
4. ആലപ്പുഴ ജില്ലാ കളക്ടറുടെ 11.10.2017-ലെ കെഡിസ്/ 34115/2017/ എ7 നമ്പർ കത്ത്.
5. പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന്റെ 17.03.2025-ലെ എസ്.ഡി.2/80/2025-പൊ.ഭ.വ നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി എക്സൈസ് റെയിഞ്ചാഫീസിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ആയി ജോലി നോക്കി വരവെ 26.03.2016-ൽ മരണമടഞ്ഞ എൻ.വിശ്വനാഥന്റെ മകൻ ശ്രീ.വി.അരുൺ 2016-ൽ എൽ.ഡി ക്ലാർക്ക് തസ്തികയിലേക്ക് ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നതും, ടി തസ്തികയിലേയ്ക്ക് ആശ്രിതനിയമന പദ്ധതി പ്രകാരം നിയമനം നേടുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ നിലവിൽ ടിയാൻ ബി.എ ഇക്കണോമിക്സ് ബിരുദം നേടിയിട്ടുള്ളതിനാൽ ആലപ്പുഴ ജില്ലയിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകണമെന്നുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

2) ശ്രീ.വി.അരുൺ ആശ്രിത നിയമന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ എൽ.ഡി

ക്ലാർക്ക് തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിനായി 05.10.2016-ൽ സമർപ്പിച്ച അപേക്ഷ ആലപ്പുഴ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് 10.11.2017 Valid date ആയി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലേക്കായി 16.11.2017 ൽ പൊതുഭരണ (സി.ഇ സെൽ) വകുപ്പിനോട് (നിലവിൽ പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്) അഭ്യർത്ഥിച്ചിരുന്നു. ടി നിയമനം വൈകുന്നതിനാലാണ് പരാമർശം (2) പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

3) 02.03.1989-ൽ സർവ്വീസിൽ പ്രവേശിച്ച എൻ.വിശ്വനാഥൻ 26.03.2016-ൽ മരണപ്പെട്ടു. സർവ്വീസ് സർട്ടിഫിക്കറ്റ് പ്രകാരം ടിയാന് 27 വർഷത്തേയും 25 ദിവസത്തേയും സേവന ദൈർഘ്യം എക്സൈസ് വകുപ്പിലുണ്ട്. മരണപ്പെട്ട സർക്കാർ ജീവനക്കാരന്റെ കുടുംബാംഗങ്ങളിൽ ആരും തന്നെ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഇതിനോടകം പ്രയോജനപ്പെടുത്തിയിട്ടില്ലായെന്ന് ആലപ്പുഴ ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാർത്തികപ്പള്ളി തഹസിൽദാർ നൽകിയിട്ടുള്ള റിപ്പോർട്ട് പ്രകാരം ശ്രീമതി. ബിന്ദു.ബി, ശ്രീമതി. ദൃശ്യ.വി, ശ്രീ.വി.അരുൺ എന്നിവർ എൻ.വിശ്വനാഥന്റെ നിയമാനുസരണമുള്ള അനന്തരാവകാശികളെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി. ബിന്ദു.ബി, ശ്രീമതി. ദൃശ്യ.വി എന്നിവർ ശ്രീ.വി.അരുണിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് സമ്മതപത്രവും നൽകിയിട്ടുണ്ട്. ശ്രീ.വി.അരുണിന്റെ ജനനതീയതി 11.08.1997 ആണ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്ന വേളയിൽ അപേക്ഷകന് 19 വയസ് പൂർത്തിയായിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്ന സമയം കുടുംബത്തിന്റെ വാർഷിക വരുമാനം 60,000/- രൂപയാണ്. ആയത് സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ വരുമാന പരിധിയിലാണ്. ശ്രീ.വി.അരുൺ മരണപ്പെട്ട എൻ.വിശ്വനാഥന്റെ ആശ്രിതനായിരുന്നുവെന്ന് കാർത്തികപ്പള്ളി തഹസിൽദാർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് അപേക്ഷകൻ ഹാജരാക്കിയിട്ടുള്ളതാണ്. പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകളെല്ലാം തന്നെ ഈ അപേക്ഷയിൽ പാലിച്ചിട്ടുണ്ട്. ടി അപേക്ഷ എക്സൈസ് കമ്മീഷണറും ആലപ്പുഴ ജില്ലാ കളക്ടറും ശിപാർശ ചെയ്തിട്ടുമുണ്ട്.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 24.05.1999- ലെ ജി.ഒ. (പി) നം. 12/99/പി&എആർഡി സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ഉത്തരവിന്റെ ഖണ്ഡിക 20 പ്രകാരം ഒരാൾ ഓപ്റ്റ് ചെയ്തിട്ടുള്ള തസ്തികയിൽ ഒഴിവുകൾ ലഭ്യമല്ലെങ്കിൽ ഏത് സബോർഡിനേറ്റ് തസ്തികയിലും നിയമനം നൽകാവുന്നതാണ്. മേൽ സാഹചര്യത്തിൽ ടിയാൾ ഓപ്റ്റ് ചെയ്തിട്ടുള്ള വകുപ്പുകളിൽ ആശ്രിത നിയമനത്തിനായി മാറ്റി വച്ചിട്ടുള്ള ഒഴിവ് ലഭ്യമാണെങ്കിൽ ടിയാൾക്ക് ആശ്രിത നിയമനവുമായി ബന്ധപ്പെട്ട മറ്റു വ്യവസ്ഥകൾക്ക് വിധേയമായി നിയമനം നൽകാവുന്നതാണ് എന്ന് കാണുന്നതിനാലും ടിയാൻ ബി.എ ഇക്കണോമിക്സ് ബിരുദം നേടിയിട്ടുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതിനാലും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II തസ്തികയിൽ നിയമനം നൽകുന്നതിന് വിദ്യാഭ്യാസപരമായി യോഗ്യനാണ്. ആയതിനാൽ ശ്രീ. വി അരുണിന്റെ എൽ.ഡി ക്ലർക്ക് തസ്തികയിലേക്കുള്ള പ്രൊഫോർമ റദ്ദ് ചെയ്ത് ടിയാനെ പ്രസ്തുത തസ്തികയുടെ സിനിയോറിറ്റി ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുകയും ആലപ്പുഴ ജില്ലയിൽ എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകപ്പിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II / സ്റ്റാറ്റിസ്റ്റിക്കൽ

ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II തസ്തികയിൽ നിയമനം നല്കുന്നതിലേക്കായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് അപേക്ഷയുടെ വിശദാംശങ്ങൾ പൊതു ഭരണ (സി.ഇ സെൽ) വകുപ്പിന് (നിലവിൽ പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്) നൽകിയിരുന്നു. ആയതിൽ ആശ്രിത നിയമന പദ്ധതി പ്രകാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II തസ്തികയിൽ 3 ഒഴിവുകളിൽ ഒന്ന് ശ്രീ. വി അരുണിന് അനുവദിച്ച് നൽകാവുന്നതാണെന്ന് പരാമർശം (5) പ്രകാരം പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് അറിയിച്ചിരിക്കുന്നു. ശ്രീ. വി അരുൺ ആലപ്പുഴ ജില്ലയിലാണ് നിയമനം ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ ഒഴിവുള്ളത് ഏത് ജില്ലയിലാണെന്ന് പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് വ്യക്തമാക്കിയട്ടില്ല.

5) മേൽ സാഹചര്യത്തിൽ ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി എക്സൈസ് റെയിഞ്ചാഫിസിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ആയി ജോലി നോക്കി വരവെ 26.03.2016 ൽ മരണമടഞ്ഞ എൻ.വിശ്വനാഥന്റെ മകൻ ശ്രീ. വി.അരുൺ-ന് സമാശ്വാസതൊഴിൽദാന പദ്ധതിപ്രകാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II തസ്തികയിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ പൊതുഭരണ (സർവ്വീസസ് ഡി) വകുപ്പിൽ റിപ്പോർട്ട് ചെയ്തിരിക്കുന്ന 3 ഒഴിവുകളിൽ ഒന്നിൽ ആലപ്പുഴ ജില്ലയിൽ ഒഴിവുള്ള പക്ഷം ടി ജില്ലയിലും അല്ലാത്തപക്ഷം പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 28 പ്രകാരം മറ്റേതെങ്കിലും ജില്ലയിൽ നിയമനം നൽകുന്നതിനും ആലപ്പുഴ ജില്ലയിൽ ഒഴിവുണ്ടാകുന്ന സമയത്ത് ടിയാന് ടിയാന്റെ സീനിയോറിറ്റി നഷ്ടമാവാതെ ആലപ്പുഴ ജില്ലയിലേക്ക് നിയമനം നൽകുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

6) അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, പൂർവ്വ ചരിത്രം, വൈദ്യ പരിശോധനാ റിപ്പോർട്ട് തുടങ്ങിയവ ഓരോ ജില്ലയിലും ഒരു വർഷം ഉണ്ടാകുന്ന ഒഴിവുകളുടെ 5% മാത്രമേ സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനായി മാറ്റി വയ്ക്കാവൂ എന്ന നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പരിശോധിച്ച ശേഷം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ ശ്രീ. വി.അരുൺ-ന് നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, നിയമന ഉത്തരവിന്റെ പകർപ്പ് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

7) ശ്രീ. വി.അരുൺ-ന് നിയമനം നൽകിയ വിവരം പരേതന്റെ സർവ്വീസ് ബുക്കിലും പരേതന്റെ സർവ്വീസിന്റെ അവസാനകാലഘട്ടത്തിൽ ജോലി നോക്കിയിരുന്ന ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതും, ആയത് ഓഫീസ്/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

8) അപേക്ഷ സമർപ്പിച്ച സമയത്തോ, വകുപ്പുതല അന്വേഷണം നടത്തിയ സമയത്തോ അപേക്ഷകൻ വസ്തുതകൾ തെറ്റിദ്ധരിപ്പിച്ചിട്ടുള്ളതായോ മറച്ചുവച്ചിരുന്നതായോ പിന്നീടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെടുകയാണെങ്കിലോ നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ടിയാന് നിയമന ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണുകയോ ചെയ്താൽ മുൻകൂട്ടി അറിയിക്കാതെ നിയമന ഉത്തരവ് റദ്ദ്

ചെയ്യുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

ജോയിന്റ് സെക്രട്ടറി

1. ശ്രീ.വി.അരുൺ, കളത്തിൽ തയ്യിൽ, മഹാദേവിക്കാട് പി.ഒ, കാർത്തികപ്പള്ളി, ആലപ്പുഴ, 690516. (By Registered Post with A.D)
2. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
3. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ് -ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
5. ജില്ലാ കളക്ടർ, ആലപ്പുഴ
6. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. പൊതുഭരണ (സർവ്വീസസ് -ഡി) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/8/2022/നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 05-04-2025 15:54:33

സെക്ഷൻ ഓഫീസർ